ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷി വികസനം

10 (*400) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ ഏതെല്ലാം ഇനത്തിൽപ്പെട്ട എത്രലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(സി) നിക്ഷേപിക്കപ്പെടുന്ന മത്സ്യകുഞ്ഞുങ്ങൾ നശിച്ചുപോകാതെ സംരക്ഷിക്കപ്പെടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മത്സ്യകുഞ്ഞുങ്ങളുടെ നിക്ഷേപത്തിനും സംരക്ഷണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(ഇ) ചെമ്മീൻ കൃഷി വികസനവുമായി ബന്ധപ്പെട്ട് ഉൾനാടൻ ജലാശയങ്ങളിലും കടലിലും ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കാറുണ്ടോ ; എങ്കിൽ ഇതിനായി എന്തു തുക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ചിട്ടുണ്ട് ;

(എഫ്) കടലിൽ നിക്ഷേപിക്കുന്ന മത്സ്യകുഞ്ഞുങ്ങൾ വഴി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) 3340.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കട്ല, രോഹു, മൃഗാൾ, സൈപ്രിമസ്, ഗ്രാസ്കാർപ്, സിൽവർ, കാർപ്, കരിമീൻ, ആറ്റുകൊഞ്ച്, വരാൽ, നാരൽ, കാര എന്നീ ഇനങ്ങളിൽപ്പെട്ട ഏകദേശം 993.52 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

(സി) നിരോധിക്കപ്പെട്ടിട്ടുള്ള വലകൾ, മറ്റു മത്സ്യബന്ധനോപകരണങ്ങൾ ഇവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് തടയുക, ശാസ്ത്രീയരീതിയിൽ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുക, തീരെ ചെറിയകുളങ്ങളിൽ കൃഷിക്ക് മുമ്പായി വലിയ മത്സ്യങ്ങൾ, സസ്യങ്ങൾ എന്നിവ നീക്കം ചെയ്യുക, ജലത്തിന്റെ ഗുണനിലവാരം സംരക്ഷിക്കുക, രോഗം കണ്ടാലുടൻ പ്രതിവിധി നടത്തുക, കുളത്തിന്റെ ബണ്ടുകൾ, ഔട്ട്ലെറ്റ്, ഇൻലെറ്റ് എന്നിവ ഫിഷറീസ് എക്റ്റൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ സംരക്ഷിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാളിതുവരെ 258.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതിക്ക് 1997-98-ൽ 8.84 ലക്ഷം രൂപയും 1998-99-ൽ അഞ്ചുലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 1999-2000-ൽ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി പൂർത്തിയായിട്ടില്ല.

(എഫ്) കടലിൽ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതുവഴി ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് പരീക്ഷണാർത്ഥം ഈ പദ്ധതി നടപ്പാക്കിവരുന്നത്. 1999-2000 വർഷത്തിൽ ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷയുടെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നടപടി

11 (*401) ശ്രീമതി എൻ. കെ. രാധ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പിന്റെ വിശ്വാസ്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷാകേന്ദ്രങ്ങളിൽ നടന്നുവരുന്ന ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും പരീക്ഷ സത്യസന്ധമായി നടത്തുന്നതിനും എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എസ്.എസ്.എൽ.സി. പരീക്ഷകൾ കൃത്യമായും സത്യസന്ധമായും നടത്താൻ നടപടി സ്വീകരിക്കുന്നതോടൊപ്പം 8, 9 തുടങ്ങിയ ഹൈസ്കൂൾ ക്ലാസുകളിലെ പരീക്ഷകളും കാര്യക്ഷമമായും വിശ്വാസ്യതയോടും കൂടി നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ എയ്ഡഡ് ഹൈസ്കൂൾ ക്ലാസ്സുകളിലെ അദ്ധ്യയനവും പരീക്ഷയും മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഇതിനായി സ്പെഷ്യൽ ക്ലാസ്സുകളും പ്രത്യേക കോച്ചിംഗ് സെന്ററുകളും ആരംഭിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഓരോ പരീക്ഷകൾക്കും മുമ്പ് പാഠഭാഗങ്ങൾ പൂർണ്ണമായും പഠിപ്പിച്ച് തീർക്കാതിരിക്കുന്ന അദ്ധ്യാപകരുടെയും സ്കൂൾ തലവൻമാരുടെയും പേരിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly